**മഹാത്മാഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 നവംബർ 9

# വാർത്താക്കുറിപ്പ്

---

## കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിൽ ഇ.പി.എ.ബി.എക്സ്. ഓപ്പറേറ്റർ (മെയ്ന്റനൻസ്) ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സിഗ്നൽ വിഭാഗത്തിൽ ജോലി ചെയ്യുതുമായി ബന്ധപ്പെട്ട ട്രേഡ് പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റുള്ള വിമുക്ത ഭടന്മാർക്കും സാങ്കേതിക പരിജ്ഞാനമുള്ള വിരമിച്ച ബി.എസ്.എൻ.എൽ. ജീവനക്കാർക്കും അപേക്ഷിക്കാം. പ്രതിമാസ വേതനം 18000 രൂപ.

താല്പര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് നവംബർ 19 നകം അപേക്ഷ അയയ്ക്കണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) ലഭ്യമാണ്. ഫോൺ: 0481 - 2733302.

(പി.ആർ.ഒ./39/1604/2022

## കാഷ് അവാർഡ്, സ്കോളർഷിപ്പ്, സാമ്പത്തിക സഹായം; അപേക്ഷ ക്ഷണിച്ചു

ഡൽഹിയിൽ 2020-2021, 2021-2022 അധ്യയന വർഷങ്ങളിലെ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത എൻ.എസ്.എസ് വോളണ്ടിയർമാർക്കും എൻ.സി.സി കേഡറ്റുകൾക്കുമുള്ള കാഷ് അവാർഡിന് ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവീസസ് (ഡി.എസ്.എസ്) അപേക്ഷ ക്ഷണിച്ചു.

2021- 2022ലെ മഹാത്മാ ഗാന്ധി സർവകശാലാ യൂത്ത് ഫെസ്റ്റിവൽ വിജയികൾക്കുള്ള കൾച്ചറൽ സ്കോളർഷിപ്പിനും ഭിന്നശേഷി വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്കുള്ള മെഡിക്കൽ എയ്ഡ്, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികളായ വിദ്യാർഥികൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായം എന്നിവയ്ക്കും ഡി.എസ്.എസിൽ അപേക്ഷിക്കാം.

അപേക്ഷാ ഫോറം സർവകലാശാലാ വെബ്സൈറ്റിലെ(www.mgu.ac.in) ഡൗൺലോഡ്സ് മെനുവിൽ അതർ ഫോംസ് എന്ന വിഭാഗത്തിൽനിന്ന് ഡൗൺലോഡ് ചെയ്യാം. ഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടെ നവംബർ 30ന് വൈകുന്നേരം നാലിന് മുൻപ് സർവകലാശാലാ കാമ്പസിലെ ഡി.എസ്.എസ് ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ നൽകണം.

കൾച്ചറൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ യൂത്ത്ഫെസ്റ്റിവലിൽ സമ്മാനം ലഭിച്ചതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റിൻറെയും വരുമാന സർട്ടിഫിക്കറ്റിൻറെയും പകർപ്പുകളും അപേക്ഷയോടൊപ്പം നൽകണം.

എൻ.എസ്.എസ് വോളണ്ടിയർമാർക്കും എൻ.സി.സി കേഡറ്റുകൾക്കുമുള്ള കാഷ് അവാർഡിന് അപേക്ഷിക്കുന്നവർ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തതിന് ലഭിച്ച സർട്ടിഫിക്കറ്റിൻറെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം. ഈ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ എൻ.സി.സി കേഡറ്റുകൾ കേരള ലക്ഷദ്വീപ് ഡയറക്ടറേറ്റിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റിൻറെയോ എൻ.എസ്.എസ് വോളണ്ടിയർമാർ സർവകലാശാലാ എൻ.എസ്.എസ് ഡയറക്ടറുടെ സർട്ടിഫിക്കറ്റിൻറെയോ പകർപ്പ് നൽകിയാൽ മതിയാകും.

ചികിത്സാ സഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം. അപേക്ഷ അയയ്ക്കുന്ന കവറിനു പുറത്ത് ഏതു വിഭാഗത്തിലുള്ള സ്കോളർഷിപ്പിന് അല്ലെങ്കിൽ ധനസഹായത്തിനുള്ള അപേക്ഷയാണെന്ന് കാണിച്ചിരിക്കണം.
അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ്സ് സർവീസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം 686560.

(പി.ആർ.ഒ./39/1605/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**